LIBRARY ARCHIVES Kerala Legislative Assembly

സംവിധാനവും ശിപാർശ ചെയ്തിട്ടുണ്ട്. ഒരു ലോക്കൽ ഗവൺമെന്റ് സർവ്വീസ് കമ്മീഷനും പ്രസ്തുത റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ഏകോപിതമായ ഒരു ജില്ലാ സംവിധാനം വേണമെന്ന് രണ്ടാം ഭരണ പരിഷ്കാര കമ്മിറ്റി റിപ്പോർട്ടിൽ ശ്രീ. വീരപ്പ മൊയ്‌ലി അദ്ധ്യക്ഷനായ സമിതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ടുകളെല്ലാം കണക്കിലെടുത്താണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ ഏകീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. തദ്ദേശ ഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത്, നഗരകാര്യം, ഗ്രാമ വികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, ടൗൺ & കൺട്രി പ്ലാനിംഗ് എന്നീ വകുപ്പുകളുടെ സംയോജനവുമായി ബന്ധപ്പെട്ട് വിശദമായ വിവര ശേഖരണവും അവലോകനവും കൂടിയാലോചനാ യോഗങ്ങളും ഫീൽഡ് പഠനങ്ങളും ലോക്കൽ ഗവൺമെന്റ് കമ്മീഷൻ നടത്തിവരുന്നുണ്ട്. ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നത്.

**സാമൂഹ്യക്ഷേമ പെൻഷൻ**

147 (3238) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷന് അർഹതയുണ്ടാവണമെങ്കിൽ ആധാർ നിർബ്ബന്ധമാക്കിയിട്ടുണ്ടോ;

(ബി) ആധാർ കാർഡ് ഇല്ലാത്തവർക്ക് നിലവിൽ സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിച്ചുകൊണ്ടിരുന്നത് തുടർന്നും കിട്ടുമോ ;

(സി) കയർ തൊഴിലാളി പെൻഷൻ പോലെയുള്ള തൊഴിൽ സംബന്ധമായ പെൻഷൻ ലഭിക്കുന്നവർക്ക് മറ്റ് സാമൂഹ്യ ക്ഷേമ പെൻഷന് അർഹതയുണ്ടോ;

(ഡി) പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന കുറെ പേർക്ക് പെൻഷൻ നിഷേധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യക്ഷേമ പെൻഷന്റെ അർഹതയ്ക്കായി ആധാർ നിർബന്ധമാക്കിയിട്ടില്ല.

(ബി) ആധാറിന് പകരമായി റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നും പ്രത്യേക സത്യവാങ്മൂലവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കുന്നപക്ഷം തുടർന്നും പെൻഷൻ ലഭിക്കുന്നതാണ്.

(സി) കയർ തൊഴിലാളി പെൻഷൻ പോലെയുള്ള തൊഴിൽ സംബന്ധമായ (ക്ഷേമനിധി ബോർഡ് പെൻഷൻ) ലഭിക്കുന്നവർക്ക് 600 രൂപ നിരക്കിൽ മറ്റൊരു സാമൂഹ്യക്ഷേമ പെൻഷൻകൂടി അർഹതയുള്ളതാണ്.

(ഡി) ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കുന്നതിന്റെയും ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണ രീതി തെരഞ്ഞെടുക്കുന്നതിനും മറ്റുമായി എല്ലാ ഗുണഭോക്താക്കളും നിർദ്ദിഷ്ട മാതൃകയിലുള്ള സത്യവാങ്മൂലം സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. നിശ്ചിത സമയത്തിനുള്ളിൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിക്കാത്തതും സത്യവാങ്മൂലം രേഖപ്പെടുത്തിയതിലെ തെറ്റുകൾ മൂലവും ചില ഗുണഭോക്താക്കൾക്ക് പെൻഷൻ താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്. മേൽപ്പറഞ്ഞവ കൃത്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണ്.

**ശുചിത്വ മിഷൻ**

148 (3239) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; ശുചിത്വ മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ മറ്റ് ഏതെങ്കിലും ഏജൻസികൾ നടത്തുന്നുണ്ടോ;

(ബി) ശുചിത്വ മിഷൻ ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ ശുചിത്വ മിഷൻ ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാം; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന മാലിന്യ സംസ്കരണ ഗാർഹിക/സ്ഥാപന/കമ്മ്യൂണിറ്റി/പൊതു പ്രോജക്ടുകൾ പരിശോധിച്ച് അവ നടപ്പിലാക്കുന്നതിനായി ശുചിത്വ മിഷൻ വഴി സാങ്കേതിക അനുമതിയും അനുവദനീയമായ സാമ്പത്തിക സഹായവും നൽകിവരുന്നു. ചുവടെ പറയുന്ന പ്രവർത്തനങ്ങളും ശുചിത്വ മിഷൻ വഴി നടത്തിവരുന്നു:

1. വിവിധ തലങ്ങളിലെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് വേണ്ട സാങ്കേതികവിദ്യ, സാങ്കേതിക സംവിധാനങ്ങൾ കണ്ടെത്തലും അവയ്ക്ക് അനുമതി നൽകലും.

LIBRARY ARCHIVES Kerala Legislative Assembly